**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഓണറേറിയം വർദ്ധിപ്പിച്ച് കൊണ്ടും സേവനം സംബന്ധിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം.3845/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 29/11/2017**

---

പരാമർശം : 1. സ.ഉ(ആർ.റ്റി) നം. 3217/2015/തസ്വഭവ, തീയതി, 29.10.2015

2. സ.ഉ(ആർ.റ്റി) നം. 526/2015/തസ്വഭവ, തീയതി, 21.2.2015

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ സേവനം സംബന്ധിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 01.06.2017 മുതൽ പ്രാബല്യത്തിൽ പാലിയേറ്റീവ് കെയർ നേഴ്സുമാരുടെ ഓണറേറിയം നിലവിലുള്ള 10,000/- രൂപയിൽ നിന്നും 15,000/- രൂപയാക്കി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

2. 2003 മുതൽ പ്രതിമാസം മൂവായിരം രൂപ മുതൽ ജോലി ചെയ്തു തുടങ്ങിയവരും ഇപ്പോഴും പ്രസ്തുത ജോലിയിൽ തുടരുന്നവരുമായ പാലിയേറ്റീവ് കെയർ നഴ്സുമാരെ പ്രോജക്റ്റ് നിലനിൽക്കുന്നിടത്തോളം കാലം പിരിച്ചു വിടാൻ പാടില്ല.

3. പാലിയേറ്റീവ് കെയർ നേഴ്സുമാർക്ക് ഔദ്യോഗിക ആവശ്യാർത്ഥം നടത്തുന്ന മീറ്റിങ്ങുകളിൽ പങ്കെടുക്കുന്നതിനുള്ള യഥാർത്ഥ യാത്ര ചെലവ് മടക്കി നൽകേണ്ടതാണ്.

4. കോൺട്രാക്ട് ജീവനക്കാർക്ക് നിയമാനുസൃതം നൽകാവുന്ന പ്രസവാവധി പാലിയേറ്റീവ് കെയർ നഴ്സുമാർക്കും അനുവദിക്കേണ്ടതാണ്.

മേൽ പ്രതിപാദിച്ചിട്ടുള്ള ഇനങ്ങൾക്കാവശ്യമായ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നോ പാലിയേറ്റീവ് കെയറിനായുള്ള പ്ലാൻ ഫണ്ടിൽ നിന്നോ ചെലവഴിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

**അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(നം. Dev-1/179/2017/Fin. തീയതി 21.10.2017 പ്രകാരം)

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ് [പരാമർശം (1) ലെ ഉത്തരവിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന്]

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/62/2017-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ